**Through Special Messenger**

ഭരണഭാഷ മാതൃഭാഷ

**നിയമസഭ അടിയന്തിരം**

**കേരള സർക്കാർ**

**ധനകാര്യ (പി.എസ്.എ) വകുപ്പ്**

**പരിപത്രം**

പരിപത്രം നം. 02/2018/ധന. തീയതി, തിരുവനന്തപുരം, 08.01.2018

വിഷയം:- 14-ാം കേരള നിയമസഭ -9-ാം സമ്മേളനം(22.01.2018 മുതൽ 07.02.2018 വരെ)-ബഹു: മുഖ്യമന്ത്രിയും/ധനകാര്യ മന്ത്രിയും ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ - സംബന്ധിച്ച്.

സൂചന:- നിയമസഭാ സെക്രട്ടറിയുടെ 03.01.2018-ലെ ബുള്ളറ്റിൻ നമ്പർ 346 ഭാഗം 2.

14-ാം കേരള നിയമസഭയുടെ 9-ാം സമ്മേളനം 22.01.2018 മുതൽ 07.02.2018 വരെ കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ സമ്മേളനകാലത്ത് ബഹു: മുഖ്യമന്ത്രിയും/ ധനകാര്യ മന്ത്രിയും നിയമസഭാ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതിന് നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങൾ ചുവടെ ചേർക്കുന്നു:-

<u>നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ</u>

| | |
|---|---|
| **ബഹു: മുഖ്യമന്ത്രി** | **2018 ജനുവരി 23 & ഫെബ്രുവരി 1** |
| **ബഹു: ധനകാര്യമന്ത്രി** | **2018 ജനുവരി 24 & ഫെബ്രുവരി 5** |

ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകളുടെ അറിവിലേയ്ക്കും വീഴ്ചയില്ലാതെ പാലിക്കുന്നതിനുമായി താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

ധനകാര്യ വകുപ്പിലെ ഓരോ സെക്ഷനുകളും അവരുമായി ബന്ധപ്പെട്ട നിയമസഭാ ചോദ്യത്തിന്റെ കരട് മറുപടി നിശ്ചയിച്ചിട്ടുള്ള ദിവസത്തിന് മൂന്ന് പ്രവൃത്തി ദിവസങ്ങൾക്ക് മുമ്പായി ബഹു: മുഖ്യമന്ത്രിക്കും/ധനകാര്യ മന്ത്രിക്കും അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും ഉത്തരത്തിന്റെ അസ്സൽ പകർപ്പ് സെക്ഷൻ ഓഫീസർ **നീല മഷിയിൽ** ഒപ്പിട്ടത് (നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിന്റെ മറുപടിയുടെ 21 പകർപ്പുകളും (ഫയൽ സഹിതം)/നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയുടെ 16 പകർപ്പുകളും) ചോദ്യ ദിവസത്തിന്റെ തലേ ദിവസം ഒരു മണിക്ക് മുമ്പായി ധനകാര്യ (പി.എസ്.എ) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

ശ്രദ്ധക്ഷണിക്കൽ, ഉപക്ഷേപം, ബില്ലുകൾ എന്നീ വിഷയങ്ങളിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും, ബന്ധപ്പെട്ട ഫയൽ ബഹു: മുഖ്യമന്ത്രി/ധനകാര്യ മന്ത്രിക്ക് ആവശ്യമായ വിവരങ്ങൾ സഹിതം യഥാസമയം സമർപ്പിക്കേണ്ടതുമാണ്.

കൂടാതെ, 27.07.2005-ലെ 72427/പി.എസ്.എ/05/ധന. നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

ഈ സമ്മേളനകാലത്തെ സഭാനടപടികളുടെ കലണ്ടറും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**എൻ. ഗോപകുമാർ,**
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

ധനകാര്യ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും
സെക്ഷനുകൾക്കും

നോഡൽ ഓഫീസർ, www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

### കലണ്ടർ

### 2018 ജനുവരി

| | |
|---|---|
| 22.01.2018 (തിങ്കൾ) | രാവിലെ 9.00 മണിക്ക് ഗവർണ്ണറുടെ പ്രസംഗം |
| 23.01.2018 (ചൊവ്വ)<br>24.01.2018 (ബുധൻ) | ഗവൺമെന്റ്കാര്യം. |
| 25.01.2018 (വ്യാഴം) | ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച |
| 26.01.2018 (വെള്ളി) | അവധി ദിവസം (റിപ്പബ്ലിക് ദിനം) |
| 29.01.2018 (തിങ്കൾ) | സഭ ചേരുന്നതല്ല |
| 30.01.2018 (ചൊവ്വ)<br>31.01.2018 (ബുധൻ) | ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച |

### 2018 ഫെബ്രുവരി

| | |
|---|---|
| 01.02.2018 (വ്യാഴം) | ഗവൺമെന്റ്കാര്യം. |
| 02.02.2018 (വെള്ളി) | രാവിലെ 9.00 മണിക്ക് 2018-19 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് സമർപ്പണം |
| 05.02.2018 (തിങ്കൾ)<br>06.02.2018 (ചൊവ്വ)<br>07.02.2018 (ബുധൻ) | 2018-19 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച |